പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 607

10.6.2014 ൽ
മറുപടിയ്ക്ക്

കാസർഗോഡ് ജില്ലയിലെ ഐ.ടി. പാർക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയ്ക്കായി അനുവദിച്ച ഐ.ടി. പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഈ ഐ.ടി. പാർക്ക് എന്ന് തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കാമോ ; | എ) | ഹോസ്ദുർഗ് താലൂക്കിൽ ചീമേനി വില്ലേജിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. ന് കൈമാറിയ 100 ഏക്കർ ഭൂമിക്ക് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമായിട്ടുണ്ട്. അതിർത്തി ഭിത്തി നിർമ്മാണ ജോലി പൂർത്തീകരിച്ചുവരുന്നു. 50000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിവരുന്നു. ഈ ഐ.ടി. പാർക്ക് 2016 ൽ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ജില്ലകളിലാണ് പുതുതായി ഐ.ടി. പാർക്ക് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ? | ബി) | മലപ്പുറത്ത് അരീക്കോട് ഐ.ടി. പാർക്കിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കോട്ടയം പാലായിൽ ഇൻഫോസിറ്റി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ